2023
JUNE
29
THURSDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# പുതുമോടിയിൽ റെസ്റ്റ് ഹൗസുകൾ

- ഫോർട്ട് കൊച്ചിക്ക് 1.45 കോടിയുടെ പദ്ധതി
- പൊന്മുടി,തൃത്താല,മേപ്പാടി,മട്ടന്നൂർ റസ്റ്റ് ഹൗസുകൾ നവീകരിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ജനകീയമായതോടെ സമഗ്ര നവീകരണ പദ്ധതിയുമായി പൊതുമരാമത്ത് വകുപ്പ്. പ്രധാന കേന്ദ്രങ്ങളിലെയും വിനോദ സഞ്ചാരമേഖലയിലേയും റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കി. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിലെ റസ്റ്റ് ഹൗസ് നവീകരിക്കാൻ 1.45 കോടി രൂപ അനുവദിച്ചു.

ഫോർട്ട് കൊച്ചി ബീച്ചിന് സമീപമാണ് റസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള രണ്ട് കെട്ടിടങ്ങളും നവീകരിക്കാനാണ് തീരുമാനം. 1962 ലും 2006 ലും നിർമ്മിച്ച കെട്ടിടങ്ങൾ ആകർഷകമാക്കും. തനിമ നഷ്ടപ്പെടാതെ റസ്റ്റ് ഹൗസുകൾ നവീകരിക്കാനാണ് തീരുമാനം.2021 ജൂണിൽ ഫോർട്ട് കൊച്ചി സന്ദർശനവേളയിൽ പൊതുമരാമത്ത് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് റസ്റ്റ് ഹൗസിൽ എത്തിയിരുന്നു. റസ്റ്റ് ഹൗസ് നവീകരിക്കുമെന്ന് അന്ന് മന്ത്രി ഉറപ്പുനൽകിയിരുന്നു. ഫോർട്ട് കൊച്ചിയെ കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൊന്മുടി, പാലക്കാട് ജില്ലയിലെ തൃത്താല, വയനാട് ജില്ലയിലെ മേപ്പാടി, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ റസ്റ്റ് ഹൗസുകൾ കൂടി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, കൊല്ലം ജില്ലയിലെ കുണ്ടറ എന്നിവിടങ്ങളിൽ പുതിയ റസ്റ്റ് ഹൗസ് കെട്ടിടങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഇവ ഉടൻ തുറന്നു കൊടുക്കും.2021 നവംബർ 1 നാണ് കേരളത്തിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസുകളായി മാറുന്നത്. ഓൺലൈൻ ബുക്കിംഗിലൂടെ റസ്ററ് ഹൗസ് മുറികൾ ജനങ്ങൾക്ക് കൂടി എളുപ്പത്തിൽ ലഭ്യമാക്കുന്നതായിരുന്നു പദ്ധതി. ഒന്നരവർഷം പൂർത്തിയാകുമ്പോൾ തന്നെ ജ



നങ്ങൾ ആശ്രയിക്കുന്ന സ്ഥലമായി റസ്റ്റ് ഹൗസുകൾ മാറി. ഇതിലൂടെ സർക്കാരിന് ഇരട്ടിയിലധികം വരുമാനവും ലഭിച്ചു. ഇതോടനുബന്ധിച്ച് റസ്റ്റ്ഹൗസുകൾ ഘട്ടം ഘട്ടമായി നവീകരിക്കുമെന്നും മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് നവീകരണത്തിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുന്നത്..

കേരളത്തിലെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രമാണ് ഫോർട്ട് കൊച്ചി.പഴമയുടെ നിരവധി സ്മാരകങ്ങൾ നിലകൊള്ളുന്ന ഫോർട്ടു കൊച്ചിയിൽ സീസൺ വ്യത്യാസമില്ലാതെ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും നൂറുകണക്കിന് വിനോദ സഞ്ചാരികളാണ് ദിവസവും സന്ദർശനത്തിനായി എത്തുന്നത്. ഫോർട്ട് കൊച്ചി റെസ്റ്റ് ഹൗസ് നവീകരിക്കുന്നതോടെ ഇവിടുത്തെ വിനോദ സഞ്ചാര മേഖലയ്ക്ക് പുതിയ ഉണർവാകുമെന്ന കാര്യത്തിൽ സംശയമില്ല.

### ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

## മന്ത്രി എംബി രാജേഷുമായി കൂടിക്കാഴ്ച നടത്തി പഞ്ചാബ് എക്സൈസ് മന്ത്രി



തിരുവനന്തപുരം: പൊതുവിതരണ സ്ഥാപനമെന്ന നിലയിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി പഞ്ചാബ് എക്സൈസ്, ടാക്സേഷൻ വകുപ്പ് മന്ത്രി ഹർപാൽ സിംഗ് ചീമ തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷുമായി കൂടിക്കാഴ്ച നടത്തി. മദ്യത്തിന്റെ വിതരണ ശൃംഖല മാനേജ്മെന്റും എക്സൈസ് അഡ്മിനിസ്ട്രേഷനിലെ മികച്ച രീതികളും, റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ പിഒഎസ് സ്ഥാപിക്കുന്നതും മദ്യ വിതരണ ശൃംഖലയുമായി സംയോജിപ്പിക്കുന്നതും ഉൾപ്പെടെയുള്ള പഠനമാണ് സന്ദർശനത്തിന്റെ ലക്ഷ്യം. കോർപ്പറേഷൻ പരിപാലിക്കുന്ന മദ്യ വിതരണ ശൃംഖലയുടെ വിവിധ വശങ്ങൾ പഠിക്കുന്നതിനായി കേരള എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ കാണുന്നതിന് പ്രതിനിധി സംഘം ജൂലൈ 30 ന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെഎസ്ബിസി) ഓഫീസ് സന്ദർശിക്കും.ജൂലൈ 28 മുതൽ ആഗസ്റ്റ് 1 വരെയുള്ള സന്ദർശനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉന്നത ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ച, ബിവറേജസ് ഔട്ട് ലൈറ്റുകളുടെ സന്ദർശനം എന്നിവ ഉൾപ്പെടും. കൂടിക്കാഴ്ചയിൽ പഞ്ചാബ് ഗവൺമെന്റിന്റെ സ്നേഹോപഹാരം മന്ത്രിക്ക് സമ്മാനിച്ചു.അഡീഷണൽ ചീഫ് സെക്രട്ടറി എ ജയതിലക്, എക്സൈസ് കമ്മീഷണർ മഹിപാൽ യാദവ്, എക്സൈസ് അഡീഷണൽ കമ്മീഷണർ ഡി രാജീവ്, ഡപ്യൂട്ടി കമ്മീഷണർ ബി രാധാകൃഷ്ണൻ എന്നിവർ മന്ത്രിയുടെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയിൽ നടന്ന കുടിക്കാഴ്ചയിൽ പങ്കെടുത്തു.

### ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനം

**തിരുവനന്തപുരം:** വിനോദസഞ്ചാര വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷം ദൈർഘ്യമുള്ള പി.എസ്.സി അംഗീകൃത തൊഴിലധിഷ്ഠിത ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ വിവിധ കോഴ്സുകളിലേക്കുള്ള 202324 അധ്യയന വർഷത്തെ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള തീയതി ജൂലൈ 5നു വൈകിട്ട് അഞ്ചു വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 0471 2728340, കൊല്ലം 0474 2767635, കോട്ടയം 0481 2312504, തൊടുപുഴ 0486 2224601, ചേർത്തല 0478 2817234, കളമശ്ശേരി 0484 2558385/2963385, തൃശ്ശൂർ 0487 2384253, പാലക്കാട് 0492 2256677, പെരിന്തൽമണ്ണ 0493 3295733, തിരൂർ 0494 2430802/2944802, കോഴിക്കോട് 0495 2372131, കണ്ണൂർ 0497 2706904/2933904, ഉദുമ 0467 2236347.





# മണ്ണീറ ടൂറിസ്റ്റ് അമിനിറ്റി സെൻറർ ആദ്യഘട്ട നിർമാണം പുരോഗമിക്കുന്നു

**കോന്നി:** ബ്ലോക്ക് പഞ്ചായത്ത് 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം ആരംഭിച്ച മണ്ണീറ ടൂറിസ്റ്റ് അമിനിറ്റി സെൻററിൻറെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

ആദ്യഘട്ടമായി അഞ്ചുലക്ഷം രൂപ വിനിയോഗിച്ച് സ്ഥലം ഒരുക്കൽ, സംരക്ഷണമതിൽ നിർമാണം എന്നിവയാണ് നടന്നു വരുന്നത്. സ്ഥലം ഒരുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. സംരക്ഷണഭിത്തി നിർമാണത്തോടൊപ്പം തന്നെ ശുചിമുറികൾ, ടാങ്ക് നിർമാണം തുടങ്ങിയവയും പൂർത്തിയാക്കും. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുചിത്വ പ്രവൃത്തികൾക്കായി അനുവദിച്ച തുകയിൽ നിന്നു 10 ലക്ഷം രൂപ വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര സാധ്യതകൾ ഏറെയുള്ള മണ്ണീറ വെള്ളച്ചാട്ടം കേന്ദ്രീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായി ബന്ധപ്പെട്ട് പരാതികൾ നിലനിൽക്കവേയാണ് വെള്ളച്ചാട്ടത്തിന് സമീപം നെടുംപുറത്ത് സിബി അഞ്ച് സെൻറ് സ്ഥലം തണ്ണിത്തോട് പഞ്ചായത്തിന് സൗജന്യമായി നൽകിയത്. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് അംഗം പ്രവീൺ പ്ലാവിളയിൽ അടിയന്തര ഇടപെടൽ നടത്തിയാണ് ആദ്യ രണ്ടുഘട്ടമായി 15 ലക്ഷം രൂപയും 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 16 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നത്.

വെള്ളച്ചാട്ടം സന്ദർശിക്കാൻ എത്തുന്ന സഞ്ചാരികൾക്ക് ഏറെ പ്രയോജനകരമാകുംവിധം ശുചിമുറികൾ, ക്ലോക്ക് റൂം, സെക്യൂരിറ്റി റൂം, ലഘുഭക്ഷണശാല, വിശ്രമകേന്ദ്രം, വ്യൂ പോയിൻറ്, കമാനം എന്നിവ ഉൾപ്പെടുന്ന ടൂറിസ്റ്റ് അമിനിറ്റി സെൻററായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് എൻജിനിയറിംഗ് വിഭാഗമാണ് നിർമാണ മേൽനോട്ടം വഹിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തംഗം പ്രവീൺ പ്ലാവിളയിൽ, ഗ്രാമപഞ്ചായത്ത് അംഗം പി.എസ്. പ്രീത, അസി. എക്സിക്യൂട്ടീവ് എൻജിനിയർ വി.എസ്. ബിന്ദു, എക്സിക്യൂട്ടീവ് എൻജിനിയർ ഉണ്ണികൃഷ്ണൻ, ഓവർസിയർ ശ്രീകുമാർ, കരാറുകാരൻ സീമോൻ എന്നിവർ സ്ഥലം സന്ദർശിച്ച് നിർമാണപുരോഗതി വിലയിരുത്തി.

## ജനകീയ സദസും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു

**കൊല്ലം:** ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ജനകീയ സദസും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. സംസ്ഥാന യുവജനക്ഷേമ ബോർഡ്, ജില്ലാ യുവജന കേന്ദ്രം, ചവറ ബി ജെ എം കോളജ് എൻ എസ് എസ് യൂണിറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടി കോളജ് ആഡിറ്റോറിയത്തിൽ സുജിത്ത് വിജയൻപിള്ള എം എൽ എ ഉദ്ഘാടനം ചെയ്തു. സമൂഹത്തിന്റെ കർമ ശക്തിയെ നശിപ്പിക്കുന്നതാണ് ലഹരി ഉപയോഗം. മയക്കുമരുന്ന് ഉപയോഗത്തിന്റെ വിപത്ത് തിരിച്ചറിഞ്ഞ് അതിന്റെ ശൃംഖല അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണന്നും അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൾ പി അനിത അധ്യക്ഷയായി.

ലഹരി മനുഷ്യനിൽ നല്ല തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവ് നഷ്ടപ്പെടുത്തുന്നു. എളുപ്പവഴിയിൽ കൂടി ജീവിത അഭിലാഷങ്ങൾ സഫലീകരിക്കാനുള്ള ശ്രമങ്ങൾ, അനുകരണം, കൂട്ടാളികളുടെ സമ്മർദം എന്നിവ യുവാക്കളെ ലഹരിയിലേക്ക് നയിക്കുന്നു. ജില്ലാ ആശുപത്രി സൈക്യാട്രിസ്റ്റ് ഉത്സാഹ് ബോധവത്ക്കരണ ക്ലാസ് നയിച്ചു. കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൃഷ്ണകുമാർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് കൊല്ലം എസ് എൻ കോളജ് എൻ എസ് എസ് വോളണ്ടിയേഴ്സിന്റെ തരുവുനാടകം, അവളിടം ക്ലബ്ബിന്റെ ഉണർവ് കലാജാഥ, എന്നിവയും നടന്നു.

യുവജനക്ഷേമ ബോർഡ് അംഗം സന്തോഷ് കാല മുഖ്യാതിഥിയായി.



# ഹരിതാഭമാകാൻ കൂർക്കപ്പാടങ്ങൾ

**വടക്കാഞ്ചേരി:** ഏക്കർ കണക്കിനു സ്ഥലത്തു കൂർക്ക കൃഷിക്കു തുടക്കമിട്ടു കർഷകർ. തലപ്പിള്ളി താലൂക്കിലെ വിവിധ മേഖലകൾ അടക്കം വരവൂർ, ചിറ്റണ്ട, കുണ്ടന്നൂർ, തളി, പാർളിക്കാട്, മുണ്ടത്തിക്കോട് എന്നിവിടങ്ങളിലാണു കൂർക്കപ്പാടങ്ങൾ സജീവമാകാനൊരുങ്ങുന്നത്.

മിണാലൂരിൽ രണ്ടരപ്പതിറ്റാണ്ടു പിന്നിട്ട കൂർക്കക്കൃഷി പാരമ്പര്യത്തിനു ഇക്കുറി മൂന്നേക്കറിൽ പിന്തുടർച്ചയൊരുക്കുകയാണു കാവുള്ളാട്ടു കെ.ആർ. ദിനേശൻ. കൃഷിയിടത്തിൽ കൂർക്ക നടുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. രണ്ടരപ്പതിറ്റാണ്ടായി ഇദ്ദേഹം കൃഷിയിൽ സജീവമാണ്. വനിതകളുൾപ്പെടെ നിരവധിപ്പേർക്കു തൊഴിൽ മാർഗംകൂടിയാണു കൂർക്കക്കൃഷി.

സെപ്തംബർ അവസാന വാരത്തോടെ വിളവെടുക്കുന്ന കൃഷിക്കു നടീൽമുതൽ വിളവെടുപ്പ് വരെയുള്ള പ്രവൃത്തികൾക്ക് ഏകദേശം മൂന്നുലക്ഷം രൂപയോളം ചെലവുവരും. കാട്ടുപന്നിശല്യം ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ ഒഴിഞ്ഞാൽ കൃഷി ലാഭകരമാണെന്നും കർഷകൻ പറഞ്ഞു.

2018ലെ പ്രളയകാലത്തു ദിനേശനടക്കമുള്ളവർക്കു വൻ തിരിച്ചടി നേരിട്ടെങ്കിലും മറ്റുള്ള സമയത്തെല്ലാം മികച്ച വരുമാനമുണ്ടായി. കൂർക്ക മൊത്തമായും ചില്ലറയായും വിൽക്കും. മാതാവ് വിലാസിനി, ഭാര്യ സുഷ, മക്കളായ സഞ്ജയ്, അജയ് എന്നിവരുടെ പിന്തുണയുമുണ്ട്. മിണാലൂർ, കുറ്റിയങ്കാവ് പ്രദേശങ്ങളിലാണ് കൃഷി ചെയ്യുന്നത്.

### പനി ബാധിതരിൽ വർധന

# മലയോര മേഖലയിൽ ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ്



**ഇടുക്കി:** മഴ തുടങ്ങിയില്ലെങ്കിലും മലയോര മേഖലയിൽ പനി ബാധിച്ച് തുടങ്ങി. സമ്മിശ്ര കാലാവസ്ഥയിൽ ഇടുക്കിയിലെ പനി ബാധിതരുടെ എണ്ണത്തിൽ വർധന. ഓരോ സർക്കാർ ആശുപത്രികളിലും ദിവസേന 12 മുതൽ 14 രോഗികൾ പനിക്ക് ചികിത്സ തേടിയെത്തുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. വൈറൽ പനിയോടൊപ്പം ഡെങ്കിപ്പനിയും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചൊവാഴ്ച്ച മാത്രം വൈറൽ പനി ബാധിച്ച് 429 പേരാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ മാത്രം ചികിത്സ തേടിയത്.

ഈ മാസം, ചൊവാഴ്ച്ച വരെ 550 പേരും പനിക്ക് ചികിത്സ തേടിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കുകൾ, മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിലെ കണക്ക് പരിശോധിച്ചാൽ ഇതിന്റെ ഇരട്ടിയിലധികം രോഗികൾ ചികിത്സ തേടിക്കഴിഞ്ഞതായി കാണാം. അതിനിടെ ജില്ലയിൽ 15 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. ചൊവാഴ്ച്ച ചികിത്സ തേടിയവരിൽ 11 പേർക്കാണ് ഡെങ്കിപ്പനി സംശയിക്കുന്നുത്. ഈ മാസത്തെ മാത്രം കണക്കാണിത്. ഹൈറേഞ്ചിനെ അപേക്ഷിച്ച് ലോറേഞ്ച് മേഖലകളിലാണ് പനി കൂടുതൽ. എലിപ്പനി സംശയിക്കുന്ന കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതിനിടെ വയറിളക്ക രോഗങ്ങളും ഇടുക്കിയിൽ കൂടിവരുന്നുണ്ട്. 694 പേരാണ് ഇത്തരത്തിൽ ചികിത്സ തേടിയത്. മഴക്കാലരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രതയോടെ ഇരിക്കണമെന്നാണ് ആരോഗ്യവകുപ്പ് ചൂണ്ടിക്കാട്ടുന്നത്. ഇടവിട്ട മഴ കാരണം ഡെങ്കിപ്പനി പടർത്തുന്ന ഈഡീസ് കൊതുകുകളുടെ സാന്നിധ്യം പല പഞ്ചായത്തുകളിലും കൂടുതലാണെന്ന് വെക്ടർ കൺട്രോൾ യൂണിറ്റ് കണ്ടെത്തിയിരുന്നു.ശുചീകരണ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പടെയുള്ളവർ ഡോക്സിസൈക്ലിൻ ഗുളിക കഴിക്കണമെന്നും നിർദ്ദേശമുണ്ട്.

വിനോദം

# ആ മുഖങ്ങൾ
## ടൈറ്റിൽ പോസ്റ്റർ റിലീസ്




കൊച്ചി: സലീംകുമാർ,രാജീവ് രാജൻ,ജയശങ്കർ, സന്തോഷ് കീഴാറ്റൂർ, ജിതിൻ പാറമേൽ,റോഷ്ന കിച്ചു,രേണു സൗന്ദർ

എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജിന്റോ തെക്കിനിയത്ത് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ആ മുഖങ്ങൾ എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ പുറത്തിറങ്ങി. വിഷ്ണു മേനോൻ,ജിതിൻ പാറമേൽ, ധീരജ് മേനോൻ,റിന്റോ ആന്റോ, രഞ്ജിത് ശങ്കർ, ജിന്റോ തെക്കിനിയത്ത് എന്നിവർ ചേർന്ന് നിർമിക്കുന്ന ആ മുഖങ്ങൾ ബിഗ് ഗ്യാലറി ഫിലിംസിന്റെ ബാനറിൽ ജെ ആർ ജെ അവതരിപ്പിക്കുന്നു.

പവി കെ പവൻ,ആർ ആർ വിഷ്ണു,അൻസൂർ പി എം, ഡെനിൻ സെബി എന്നിവർ ഛായാഗ്രഹണം നിർവഹിക്കുന്നു.ഹരിത ഹരിബാബു എഴുതിയ വരികൾക്ക് ബിബിൻ അശോക് സംഗീതം പകരുന്നു.എഡിറ്റർഏകലവ്യൻ.

പ്രൊഡക്ഷൻ കൺട്രോളർശ്രീകുമാർ ചെന്നിത്തല,കലഅരുൺ പി അർജ്ജുൻ, മേക്കപ്പ്ഷൈൻ നീലൻക്കര,മനു കെ എസ്, വസ്ത്രാലങ്കാരംഅക്ഷയ പ്രേമാനന്ദ്, സ്റ്റിൽസ്ലിബസ് അലോൻസോ, അസോസിയേറ്റ് ഡയറക്ടർനിധീഷ് ഇരട്ടി,രാജീവ് രാജൻ, ജിതിൻ പാറമേൽ, ശ്യാം കല്ലുങ്കൽ,ഡി ഐലിജു പ്രഭാകർ.ഒരു മനുഷ്യന്റെ വിജയത്തിനും പരാജയത്തിനും പുറകിൽ ചില മുഖങ്ങൾ ഉണ്ടായിരിക്കും. ആ മുഖങ്ങളെ തേടി റിട്ടേർഡ് സ്കൂൾ അധ്യാപകനായ രഘുനാഥന്റെ സംഭവ ബഹുലമായ യാത്രയാണ് ഈ ചിത്രത്തിൽ ദൃശ്യവൽക്കരിക്കുന്നത്. വാർത്ത പ്രചരണം എ എസ് ദിനേശ്.




# റിട്ടൺ ആന്റ് ഡയറക്ടഡ് ബൈ ഗോഡ് തുടങ്ങി

സണ്ണി വെയ്ൻ,സൈജു കുറുപ്പ്,അപർണ്ണ ദാസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നെട്ടൂരാൻ ഫിലിംസിന്റെ ബാനറിൽ സനൂബ് കെ യൂസഫ് നിർമ്മിക്കുന്ന റിട്ടൺ ആന്റ് ഡയറക്ടഡ് ബൈ ഗോഡ് എന്നചിത്രത്തിന്റെ ഷൂട്ടിംഗ് തൊടുപുഴ,കാഞ്ഞാറിൽ ആരംഭിച്ചു. നവാഗതനായ ഫെബി ജോർജ്ജ് സ്റ്റോൺ ഫീൽഡ് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ സ്വിച്ചോൺ കർമ്മം സണ്ണി വെയ്ൻ നിർവ്വഹിച്ചു.സൈജു കുറുപ്പ് ആദ്യ ക്ലാപ്പടിച്ചു. അജയ് ഫ്രാൻസിസ് ജോർജ്ജ് ഛായാഗ്രഹണം നിർവ്വഹിക്കുന്നു.ജോമോൻ ജോൺ,ലിന്റോ ദേവസ്യ, റോഷൻ മാത്യു എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.കോ പ്രൊഡ്യൂസർതോമസ് ജോസ്,മാർക്ക്സ്റ്റോൺ,സംഗീതം ഷാൻ റഹ്മാൻ,പ്രൊഡക്ഷൻ കൺട്രോളർ ജാവേദ് ചെമ്പ്,എഡിറ്റർ അഭിഷേക് ജി.എ.കലജിതിൻ ബാബു,മേക്കപ്പ്കിരൺ രാജ്, വസ്ത്രലങ്കാരംസമീറ സനീഷ്,പോസ്റ്റർ ഡിസൈൻ ഫെബിൻ ഷാഹുൽ,

വി എ ഫ് എ ക് സ് സന്ദീപ് ഫ്രാഡിയൻ, സ്റ്റിൽസ് റിഷലാൽ ഉണ്ണികൃഷ്ണൻ,ചീഫ് അസോസിയേറ്റ് ഡയറക്ടർറിയാസ് ബഷീർ,ഗ്യാസ് പി ജി, റോയിഎന്ന ചിത്രത്തിനു ശേഷം സനൂബ് കെ യൂസഫ് നിർമ്മിക്കുന്ന രണ്ടാമത്തെ ചിത്രമാണ്റിട്ടൺ ആന്റ് ഡയറക്ടഡ് ബൈ ഗോഡ് .പി ആർ ഒഎ എസ് ദിനേശ്.




# ഒമർ ലുലു ചിത്രം ബാഡ് ബോയ്സ് ആർട്ട്സ് & സ്പോർട്ടസ് ക്ളബ്

തന്റെ അടുത്ത ചിത്രത്തിന്റെ ഫാൻമേഡ് പോസ്റ്റർ പങ്ക്വെച്ച് ഒമർ ലുലു .Bad Boys ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്നാണ് ചിത്രത്തിന് ടൈറ്റിൽ കൊടുത്തിരിക്കുന്നത്.

ഈ സിനിമ തന്റെ മുൻചിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ആക്ഷനും ഇലവേഷനും കോമഡിക്കും കൂടുതൽ പ്രാധാന്യം കൊടുത്ത് ഒരു കംപ്ലീറ്റ് ഫാമിലി മാസ്സ് കോമഡി എന്റർടൈൻമെന്റ് ആയാണ് ട്രീറ്റ് ചെയ്യാൻ പോകുന്നതെന്നും ഒമർ ലുലു പോസ്റ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഫാമിലിക്ക് യോജിക്കുന്ന രീതിയിലല്ല തന്റെ ചിത്രങ്ങൾ എന്ന പഴിക്ക് ഈ സിനിമയിലൂടെ മറുപടി നൽകും എന്ന സൂചനയും ഒമർ ലുലു പോസ്റ്റിലൂടെ പറഞ്ഞ് വെക്കുന്നുണ്ട് .

# 'എലി ' റിലീസ്




ഭിന്ന ശേഷിക്കാരായ പെൺകുട്ടികൾക്ക് നേരെ നടക്കുന്ന പീഡനങ്ങൾക്ക് എതിരെ ജിനീഷ് കെ ജോയ് തിരക്കഥ രചിച്ച് രാഹുൽ ചക്രവർത്തി സംവിധാനം ചെയ്ത എലി എന്ന ഹ്രസ്വ ചിത്രം റിലീസായി.ഇതിനകംസാമൂഹിക മാധ്യമങ്ങളിൽ ഏറേ ശ്രദ്ധേയമായ ഈ ചിത്രത്തിൽ മീനാക്ഷി രവീന്ദ്രൻ,സംഗീത, പ്രമോദ് മോഹൻ, സരീഷ് ചന്ദ്രൻ എന്നിവർ മുഖ്യ കഥാപാത്രങ്ങളെ അവതരിക്കുന്നു.

ആരോൺവിയ സിനിമാസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പവി കെ പവൻ നിർവഹിക്കുന്നു.

എഡിറ്റിംഗ്മനു എൻ ഷാജു,സംഗീതംഫോർ മ്യൂസിക്സ്,മേക്കപ്പ്റോണക്സ് സേവ്യർ,ആർട്ട്അജി കുറ്റിയാനി കോസ്റ്റ്യൂംസ്സുജിത്ത് മട്ടന്നൂർ,ഡി ഐരേമേഷ് സി പി,സൗണ്ട് ഡിസൈൻഎ ബി ജുബിൻ,നിർമാണ നിർവഹണം ഷിഹാബ് വെണ്ണല,സ്റ്റിൽസ്അനിജ ജലൻ,പരസ്യകല പ്രജിൻ ഡിസൈൻസ്,പി ആർ ഓ എ എസ് ദിനേശ്.



# നടി കോഴിക്കോട് ശാരദാ പുരസ്ക്കാരം എം ടി അപ്പന്

24 ഫ്രെയിം കോഴിക്കോട് ശാരദ ഫിലിം അവാർഡ് ആൻറ് ഷോർട്ട് ഫിലിം ഫെസ്റ്റിൽ മികച്ച നാടക രചനയ്ക്കുള്ള പുരസ്ക്കാരം മുതിർന്ന എഴുത്തുകാരനും ഞാൻ കർണ്ണൻ സിനിമയ്ക്ക് കഥയും തിരക്കഥയും സംഭാഷണവും ഒരുക്കിയ എം ടി അപ്പന് ലഭിച്ചു. പുരസ്ക്കാരം കോഴിക്കോട് നടക്കുന്ന അവാർഡ് നൈറ്റിൽ സമർപ്പിക്കും.

പ്രൊഫ.ശ്രീചിത്ര പ്രദീപ് ഒരുക്കിയ ചിത്രമാണ് ഞാൻ കർണ്ണൻകുടുംബ ജീവിതത്തിലെ ഹൃദയബന്ധങ്ങളുടെ കഥ പറയുന്ന ചിത്രമാണ്.ശ്രിയ ക്രിയേഷൻസിൻറെ ബാനറിൽ ചിത്രം നിർമ്മിച്ചിരിക്കുന്നത് പ്രദീപ് രാജാണ്.ചലച്ചിത്രസീരിയൽ താരവും അദ്ധ്യാപികയുമായ പ്രൊഫ: ശ്രീചിത്ര പ്രദീപ് ആദ്യമായി സംവിധാനം ചെയ്ത ചിത്രമാണ് ഞാൻ കർണ്ണൻ. വർത്തമാനകാല കുടുംബജീവിതത്തിലെ പ്രതിസന്ധികളും വ്യാകുലതകളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം.

# വടക്കഞ്ചേരിയിലേയും കുതിരാനിലേയും മേൽപ്പാലങ്ങളിൽ വിള്ളലുകൾ




**വടക്കഞ്ചേരി :** വടക്കഞ്ചേരിമണ്ണുത്തി ആറുവരി ദേശീയപാത പല ഭാഗത്തും ഒറ്റവരിയായി ചുരുങ്ങി. വടക്കഞ്ചേരി, കുതിരാൻ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളിലൂടെ കുറച്ചു മാസങ്ങളായി ഒറ്റവരിയായാണ് വാഹനങ്ങൾ കടത്തിവിടുന്നത്.

ഒറ്റവരിയായുള്ള വാഹന ഗതാഗതം മഴ കനക്കുന്നതോടെ കൂടുതൽ ബുദ്ധിമുട്ടിലാകും. വടക്കഞ്ചേരിയിൽ മേൽപ്പാലം ഒഴിവാക്കി സർവീസ് റോഡ് വഴി പോകാനാകും.

എന്നാൽ കുതിരാനിൽ തുരങ്കപ്പാതയിലേക്കുള്ള മേൽപ്പാലം കൂടുതൽ തകർന്നാൽ വാഹന ഗതാഗതം തടസപ്പെടും. ഇവിടെ വാഹനങ്ങൾ തിരിച്ച് വിടാൻ മറ്റു മാർഗങ്ങളില്ല.

നിർമാണത്തിലെ അപാകത മൂലം പാലങ്ങളിൽ ഉണ്ടാകുന്ന വിള്ളലുകളാണ് ഒരു ഭാഗത്തേക്കുള്ള മൂന്നുവരി പാത ഒറ്റവരിയായി ചുരുങ്ങാൻ കാരണമായത്. അറ്റകുറ്റപ്പണികൾ നടത്തി പണി തീരാത്ത സ്ഥിതിയാണിപ്പോൾ.

കൂർത്ത കന്‌പികൾ പുറത്തേക്ക് തള്ളി നില്ക്കുന്ന മേൽപ്പാലങ്ങളിലൂടെ വാഹനങ്ങൾ കടന്നു പോകുന്‌പോൾ ടയറുകൾ പഞ്ചറായി വഴിയിൽ കിടക്കുന്ന വാഹനങ്ങളുടെ എണ്ണവും കൂടിവരികയാണ്.

പന്നിയങ്കരയിലും വാളയാറും പാലിയേക്കരയിലും ടോൾ കൊടുത്തു പോകുന്ന വാഹനങ്ങൾക്ക് സുഗമമായ യാത്ര വയ്യെന്നായി. 85 കിലോമീറ്റർ വരുന്ന മൂന്ന് ടോൾ ബൂത്തുകൾക്കിടക്ക് രണ്ട് ഡസനോളം സിഗ്നൽ ജംഗ്ഷനുകളുമുണ്ട്.

തൃശൂർ ലൈനിലാണ് ഇപ്പോൾ പൊളിച്ചടക്കലും റിപ്പയർ വർക്കുകളും തകൃതിയായി തുടരുന്നത്.

റിപ്പയർ പണികളെന്ന് പറഞ്ഞ് മൂന്നുവരി പാതയിൽ രണ്ടു വരികളും അടച്ചിടുകയാണ്.

ബീമുകൾ തമ്മിലുള്ള അകലം കൂടി വാഹനങ്ങൾ കടന്നു പോകുന്‌പോൾ അപകടങ്ങൾക്ക് കാരണമാവുന്നു.

2021 ഫെബ്രുവരി ആറിനാണ് വാഹന ഗതാഗതത്തിനായി മേൽപ്പാലം തുറന്നത്.

ഇതേ തുടർന്ന് എത്ര തവണ പാലത്തിൽ കുത്തിപ്പൊളിച്ചുള്ള റിപ്പയർ വർക്കുകൾ നടന്നു എന്നതിന് കരാർ കന്‌പനിയുടെ കൈയിലും കൃത്യമായ കണക്കില്ല.

രണ്ടു വർഷത്തിനുള്ളിൽ 20 ലേറെ തവണയെങ്കിലും പാലത്തിൽ കുത്തിപ്പൊളിച്ച് പണി നടത്തിയിട്ടുണ്ടാകുമെന്നാണ് തൊഴിലാളികൾ നൽകുന്ന ഏകദേശ കണക്ക്.

# തിരുവനന്തപുരം നെടുമങ്ങാട് റൂട്ട് നാലുവരിയാകുന്നു; വഴയില പഴകുറ്റി നാലുവരിപ്പാത യാഥാർഥ്യത്തിലേക്ക്



**തിരുവനന്തപുരം:** ദീർഘനാളത്തെ കാത്തിരിപ്പുകൾക്ക് വിരാമമിട്ട് വഴയിലപഴകുറ്റി നാലുവരിപ്പാത യാഥാർഥ്യത്തിലേക്ക് അടുക്കുന്നു. വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ വരെയുള്ള ആദ്യഘട്ട റീച്ചിലെ ഭൂമിവിട്ട് നൽകുന്നവർക്ക് കെആർഎഫ്ബി അനുവദിച്ച നഷ്ടപരിഹാരത്തുകയായ 117.78 കോടി രൂപ മന്ത്രി ജിആർ അനിൽ ജില്ലാ കളക്ടർ ജെറോമിക് ജോർജിന് കൈമാറി. ഓഗസ്റ്റ് മാസത്തോടെ നഷ്ടപരിഹാരത്തുക ഭൂവുടമകൾക്ക് വിതരണം ചെയ്യുന്ന തരത്തിൽ നടപടിക്രമങ്ങൾ വേഗത്തിലാക്കുമെന്ന് മന്ത്രി പറഞ്ഞു.

ഏറെ ആശങ്കകൾക്കൊടുവിലാണ് പദ്ധതി യാഥാർഥ്യത്തിലേക്കെത്തുന്നതെന്നും നെടുമങ്ങാട് നിവാസികൾക്ക് സന്തോഷത്തിന്റെ നിമിഷമാണിതെന്നും പറഞ്ഞു. മൂന്നു റീച്ചുകളിലായാണ് നാലുവരിപ്പാത നിർമ്മാണം നടക്കുന്നത്. വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ വരെയുള്ള ആദ്യ റീച്ചിൽ ഏഴ് ഏക്കർ 80 സെന്റ് ഭൂമിയാണ് ഏറ്റെടുക്കുന്നത്.

ആദ്യ റീച്ചിൽ 359 പദ്ധതി ബാധിതരാണുള്ളത്. 271 പേർക്ക് 4,73,64,000 രൂപയാണ് കെആർഎഫ്ബി പുനരധിവാസ പാക്കേജായി അനുവദിച്ചിട്ടുള്ളത്. പൂർണമായും വീട് നഷ്ടപ്പെട്ടവർക്കായി 4,60,000 രൂപയും വാടക കെട്ടിടത്തിൽ തൊഴിലാളികൾ ഉൾപ്പെടെ വ്യാപാരം നടത്തുന്നവർക്ക് രണ്ടുലക്ഷം രൂപയും സ്വന്തം കെട്ടിടത്തിൽ തൊഴിലാളികളോടുകൂടി വ്യാപാരം നടത്തുന്നവർക്ക് ഒരു ലക്ഷം രൂപയും ഈ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 36,000 രൂപയും പുറമ്പോക്കിൽ വ്യാപാരം നടത്തുന്നവർക്ക് 30,000 രൂപയുമാണ് പുനരധിവാസ പാക്കേജിലുള്ളത്. ഭൂമിയുടെ വില, കെട്ടിടങ്ങളുടെ വില, കൃഷി / മരങ്ങളുടെ വില, പുനരധിവാസ പാക്കേജ് എന്നിവ ഉൾപ്പെടെയുള്ള തുകയാണ് ഭൂമി വിട്ടുനൽകുന്ന ഭൂവുടമകൾക്ക് ലഭിക്കുന്നത്.

വഴയില മുതൽ കെൽട്രോൺ ജംഗ്ഷൻ വരെയുള്ള ആദ്യ റീച്ചിൽ 4.160 കിലോമീറ്ററും കെൽട്രോൺ ജംഗ്ഷൻ മുതൽ വാളിക്കോട് ജംഗ്ഷൻ വരെയുള്ള രണ്ടാമത്തെ റീച്ചിൽ 3.96 കിലോമീറ്ററും വാളിക്കോട് ജംഗ്ഷൻ മുതൽ പഴകുറ്റി കച്ചേരിനട പതിനൊന്നാംകല്ല് വരെയുള്ള മൂന്നാം റീച്ചിൽ 3.2 കിലോമീറ്ററുമാണ് പദ്ധതി. വഴയില മുതൽ പഴകുറ്റി വരെ 9.5 കിലോമീറ്ററും പഴകുറ്റി പെട്രോൾ പമ്പ് ജംഗ്ഷനിൽ നിന്നാരംഭിച്ച് കച്ചേരിനട പതിനൊന്നാംകല്ല് വരെയുള്ള 1.240 കിലോമീറ്ററും ഉൾപ്പെടെ 11.24 കിലോമീറ്റർ നീളത്തിലും 21 മീറ്റർ വീതിയിലുമാണ് പാത ഡിസൈൻ ചെയ്തിരിക്കുന്നത്. 15 മീറ്റർ ടാറിങ്ങും രണ്ടുമീറ്റർ മീഡിയനും ഇരുവശങ്ങളിലുമായി രണ്ടുമീറ്റർ വീതിയിൽ യൂട്ടിലിറ്റി സ്പേസും ഉൾപ്പെടുന്നു.

നാലുവരിപ്പാതയോടനുബന്ധമായ കരകുളം പാലത്തിന്റെയും ഫ്ലൈഓവറിന്റെയും ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. കരകുളം പാലം ജംഗ്ഷനിൽനിന്ന് 200 മീറ്റർ മാറിയാണ് മേൽപ്പാലം ആരംഭിക്കുന്നത്. ഇരുഭാഗങ്ങളിലുമായി 390 മീറ്റർ അപ്രോച്ച് റോഡും 375 മീറ്റർ ഫ്ലൈഓവറും ഉൾപ്പെടെ 765 മീറ്ററാണ് നീളം. ഫ്ലൈഓവറിന് 15 മീറ്റർ ടാറിങ്ങും ഉൾപ്പെടെ 16.75 മീറ്ററാണ് വീതി. നിലവിലെ റോഡ് സർവീസ് റോഡായി ഉപയോഗിക്കാനാണ് പദ്ധതി.



# ഹെൽമറ്റ് വിപണി സജീവം

### ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകളും വിപണിയിൽ അരങ്ങ് തകർക്കുന്നു

**പാലക്കാട്:** എ.ഐ കാമറ പിഴ ഈടാക്കൻ തുടങ്ങിയതോടെ ജില്ലയിൽ ഹെൽമറ്റ് വിപണി സജീവം. ഗ്രാമ നഗരവ്യത്യാസമില്ലാതെ ഹെൽമറ്റ് കടകളിൽ വൻതിരക്കാണ് അനുഭവപ്പെടുന്നത്. ഹെൽമറ്റില്ലാതെ യാത്ര ചെയ്താൽ 500 രൂപയാണ് പിഴ. ഓടിക്കുന്ന ആൾ മാത്രമല്ല പിൻസീറ്റിൽ യാത്ര ചെയ്യുന്നവരും ഹെൽമറ്റ് ധരിക്കണമെന്ന നിർബന്ധന വന്നതോടെയാണ് വിൽപന കുതിച്ച ഉയരാനിടയാക്കിയതെന്ന് വ്യാപാരികൾ പറഞ്ഞു.

450 മുതൽ 3000 രൂപ വരെയുള്ള ഹെൽമറ്റുകളാണ് വിപണിയിലുള്ളത്. ഇടത്തരം നല്ല ഹെൽമറ്റിന് ശരാശരി 850 മുതൽ 1000 രൂപ വില വരും. ഇതിനാണ് ആവശ്യക്കാരേറെ. കുട്ടികളുടെ ഹെൽമറ്റിനും ആവശ്യക്കാർ ഏറെയാണ്. വിവിധ നിറങ്ങളിൽ ലഭ്യമാകുന്ന ഇവക്ക് 700 മുതൽ 1000 രൂപ വരെയാണ് വില. സ്ത്രീകളുടെ ഹെൽമറ്റും വിവിധ രൂപത്തിലുണ്ട്. ഹെൽമറ്റിന്റെ ചില്ല്, ബെൽറ്റ് എന്നിവയടക്കം മാറ്റി നൽകുന്ന റിപ്പയർ കടകളും നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സജീവമായി.

ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകളും വിപണിയിൽ അരങ്ങ് തകർക്കുകയാണ്. ഇവ ചൂടപ്പം പോലെ വിറ്റുപോകുന്നുണ്ട്. സംസ്ഥാന പാതയുടെ വശങ്ങളിൽ വ്യാജ ഐ.എസ്.ഐ മുദ്ര പതിപ്പിച്ച ഹെൽമറ്റുകളുടെ വിൽപന തകൃതിയായി നടക്കുന്നുണ്ട്. 400 മുതൽ 650 രൂപ വരെയാണ് ഇവയുടെ വില. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്) മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തുന്ന സാക്ഷ്യപ്പെടുത്തലാണ് ഐ.എസ്.ഐ മുദ്ര. പൊലീസിനെ ഭയന്ന് മാത്രം ഹെൽമറ്റ് ധരിക്കുന്നവർ ഇത്തരത്തിലുള്ളവ ധരിച്ചാണ് തടിയൂരുന്നത്. എന്നാൽ, ഇവ യാതൊരുവിധ സുരക്ഷയും നൽകുന്നില്ല. ഇത്തരം ഹെൽമറ്റുകൾ ധരിക്കുന്നത് ഒഴിവാക്കണമെന്ന് മോട്ടോർവാഹന വകുപ്പ് മുന്നറിയിപ്പ് നൽകുന്നു.

## കേരള അഗ്രോ; കിയോസ്കിന്റെ ഉദ്ഘാടനം ജില്ലാ കലക്ടർ നിർവഹിച്ചു

**തിരുവനന്തപുരം:** കാർഷിക വകുപ്പിന്റെ നേതൃത്വത്തിൽ മൂല്യവർധിത ഉത്പന്നങ്ങൾ ഓൺലൈൻ വാണിജ്യ ശൃംഖലകൾ മുഖേന ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കൊല്ലം സിവിൽ സ്റ്റേഷനിൽ ആരംഭിച്ച കിയോസ്കിന്റെ ഉദ്ഘാടനം ജില്ലാ കലക്ടർ അഫ്സാന പർവീൺ നിർവഹിച്ചു. ചെറുകിട കർഷകർ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന തനത് വിളകൾ നേരിട്ട് ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനും ഓൺലൈൻ വിപണനം സഹായകരമാകുമെന്ന് കലക്ടർ പറഞ്ഞു.

കാർഷികവകുപ്പിന്റെ കേരള അഗ്രോ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കിയോസ്കിൽ സജ്ജീകരിച്ചിട്ടുള്ള ക്യു ആർ കോഡ് മുഖേനെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ കർഷകർ, കാർഷിക സംഘങ്ങൾ, ഫാം യൂണിറ്റുകൾ എന്നിവ ഉത്പാദിപ്പിച്ച തനത് മൂല്യവർധിത ഉത്പ്പന്നങ്ങൾ ന്യായവിലയിൽ ഓൺലൈൻ വ്യവസായ ശൃംഖലകളിൽ നിന്നും വാങ്ങുവാൻ സാധിക്കും.

ജില്ലയിൽ കൊല്ലം സിവിൽ സ്റ്റേഷൻ, ജില്ലാ കൃഷി ഓഫീസ്, കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിലാണ് നിലവിൽ കേരള അഗ്രോയുടെ കിയോസ്ക്കുകൾ പ്രവർത്തിക്കുന്നത്. ജില്ലാ കൃഷി ഓഫീസർ എ ജെ സുനിൽ, ഡെപ്യൂട്ടി ഡയറക്ടർമാരായ അനിൽകുമാർ, എസ് ഗീത, അനീസ, മാർക്കറ്റിങ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ അനിൽകുമാർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

## തെരുവ് നായ നിയന്ത്രണം:

# കേന്ദ്ര ഗവൺമെന്റിനോട് എ ബി സി ചട്ട ഭേദഗതി ആവശ്യപ്പെടും: മന്ത്രി ജെ ചിഞ്ചുറാണി

**തിരുവനന്തപുരം:** കേന്ദ്രസർക്കാർ കൊണ്ടുവന്ന എബിസി ചട്ടങ്ങൾ 2023 നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക തടസങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ മാറ്റം ചട്ടങ്ങളിൽ വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. സംസ്ഥാന മൃഗക്ഷേമ ബോർഡിന്റെ മൂന്നാമത് യോഗത്തിനു ശഷം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.തെരുവുനായ പ്രശ്നം രൂക്ഷമായ സാഹചര്യത്തിലാണ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നത്. തെരുവ് നായ്ക്കളിലെ പേവിഷ പ്രതിരോധ വാക്സിനേഷൻ 2022 സെപ്റ്റംബറിൽ ആരംഭിക്കുകയും ഇതുവരെ 33363 തെരുവ് നായകൾക്ക് അടിയന്തിര വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 4.7 ലക്ഷം വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ട്. ഇത് കൂടാതെ 2022 ഏപ്രിൽ 1 മുതൽ 2023 മേയ് 31 വരെയുള്ള കാലയളവിൽ 18,852 തെരുവ് നായ്ക്കളിൽ എ ബി സി പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.എബിസി ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത മൃഗ ക്ഷേമ സംഘടനകളുടെ യോഗം ജൂലൈ 11 ന് ഉച്ചകഴിഞ്ഞ് മൂന്നിനു വിളിച്ചു ചേർക്കുമെന്ന് മന്ത്രി അറിയിച്ചു.എ ബി സി കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ സഹായത്തോടെ സ്ഥലം കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു. മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തിയ 170 ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് തെരുവുനായ്ക്കളുടെ വാക്സിനേഷൻ ഊർജിതമായി നടപ്പിലാക്കുവാൻ ആവശ്യമായ ക്രമീകരണം ചെയ്യുവാൻ മൃഗസംരക്ഷണ വകുപ്പിനോടും തദ്ദേശസ്വയംഭരണ വകുപ്പിനോടും ആവശ്യപ്പെടും. വളർത്തു നായ്ക്കൾക്ക് ലൈസൻസ്, നിർബന്ധിത പേവിഷപ്രതിരോധ കുത്തിവെപ്പ് എന്നിവ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടാനും പെറ്റ് ഷോപ്പുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാനും സംസ്ഥാന മൃഗക്ഷേമ ബോർഡ് യോഗത്തിൽ തീരുമാനമായതായി മന്ത്രി പറഞ്ഞു.



# നെല്ലുസംഭരണം: കർഷകർക്ക് നൽകാനുള്ള മുഴുവൻ കുടിശ്ശികയും ഉടൻ കൊടുത്തുതീർക്കും

**തിരുവനന്തപുരം:**നെല്ലുസംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളാൻ ധനം, ഭക്ഷ്യപൊതുവിതരണം, കൃഷി, സഹകരണം, വിദ്യുച്ഛക്തി വകുപ്പ് മന്ത്രിമാരടങ്ങുന്ന ഉപസമിതിയെ മന്ത്രിസഭ ചുമതലപ്പെടുത്തി. സമിതി വിഷയം വിശദമായി ചർച്ച ചെയ്യുകയും മെയ് 16ന് ശേഷം സംഭരിച്ച നെല്ലിന്റെ വില വായ്പയായി കർഷകർക്ക് നൽകുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ പ്രതിനിധികളുമായി ഇന്നു തന്നെ ആവശ്യമായ കൂടിയാലോചനകൾ നടത്തുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ബിശ്വനാഥ് സിൻഹയെ ചുമതലപ്പെടുത്തി.അടുത്ത സംഭരണ സീസൺ മുതൽ സമയബന്ധിതമായി നെല്ലെടുക്കാനും വില യഥാസമയം തന്നെ കർഷകർക്ക് വിതരണം ചെയ്യാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് മുൻകൂട്ടി നടപടികൾ സ്വീകരിക്കാനും സമിതി നിർദേശം നൽകി.



# ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിക്ക് തുടക്കം കുറിച്ചു

**തിരുവനന്തപുരം:** 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവഹിച്ചു. കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷനായ പരിപാടിയിൽ മന്ത്രിമാരായ കെ കൃഷ്ണൻകുട്ടി, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, അഡ്വ. ജി ആർ അനിൽ, കെ എൻ ബാലഗോപാൽ, ജെ ചിഞ്ചുറാണി, അഡ്വ. എം.ബി. രാജേഷ്, കെ രാധാകൃഷ്ണൻ, പി. രാജീവ്, സജി ചെറിയാൻ, വി എൻ വാസവൻ, വീണ ജോർജ്, കൃഷി ഡയറക്ടർ അഞ്ജു കെ എസ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ആരതി എൽ ആർ, കൃഷി വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.പച്ചക്കറി ഉല്പാദനത്തിൽ



സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ സംസ്ഥാനത്തെ 1076 കൃഷിഭവനുകൾ വഴി സൗജന്യമായി നൽകും.വിത്തിനങ്ങൾ അടങ്ങിയ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യും. 100 ലക്ഷം പച്ചക്കറി തൈകളും പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം ചെയ്യും. ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തി ചീര) 2 ലക്ഷം തൈകളും 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തുന്നു. വിവിധ ഇനങ്ങളടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും, അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണത്തിന് തയ്യാറാക്കി കഴിഞ്ഞു.

# കൊച്ചിൻ ഐ.എം.എയിൽ ഡോക്ടേഴ്സ് ദിനം

**കൊച്ചി:** മുതിർന്ന് ഡോക്ടർ മാരെ ആദരിച്ചുകൊണ്ട് ഈ വർഷത്തെ ഡോക്ടേഴ്സ് ദിനാചരണം ജൂലൈ ഒന്നിന് കൊച്ചി ഐ.എം.എ ഹൗസിൽ നടക്കുമെന്ന് കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ.എസ് ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ. കാർത്തിക്ക് ബാലചന്ദ്രൻ എന്നിവർ അറിയിച്ചു. വൈകിട്ട് 7.30 ന് നടക്കുന്ന സമ്മേളനത്തിൽ ഡോ. എൻ.എസ്.ഡി രാജു, ഡോ. സി.ഐ ബെന്നിമാത്യു, ഡോ.വി തോമസ് വർഗ്ഗീസ്, ഡോ.വി.കെ സഹജാനന്ദൻ, ഡോ.മോളിക്കുട്ടി തോമസ്, ഡോ.നിർമ്മല മാധവൻ എന്നിവരെ ആദരിക്കും.

# സ്റ്റാറ്റിസ്റ്റിക്സ് ദിനം ആഘോഷിക്കും

**ന്യൂ ഡൽഹി:** സ്ഥിതിവിവരക്കണക്ക്, സാമ്പത്തിക ആസൂത്രണം എന്നീ മേഖലകളിൽ പ്രൊഫസർ (അന്തരിച്ച) പ്രശാന്ത ചന്ദ്ര മഹലനോബിസ് നൽകിയ ശ്രദ്ധേയമായ സംഭാവനകളെ മാനിച്ച്, ഇന്ത്യാ ഗവൺമെന്റ് എല്ലാ വർഷവും ജൂൺ 29ന്, അദ്ദേഹത്തിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച്, 'സ്റ്റാറ്റിസ്റ്റിക്സ് ദിനം' ആചരിക്കുന്നു. സാമൂഹികസാമ്പത്തിക ആസൂത്രണത്തിലും നയ രൂപീകരണത്തിലും സ്ഥിതിവിവരക്കണക്കുകളുടെ പങ്കിനെയും പ്രാധാന്യത്തെയും കുറിച്ച് പ്രൊഫസർ മഹലനോബിസിൽ നിന്ന് പ്രചോദനം ഉൾക്കൊ, പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവതലമുറയിൽ, അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിനത്തിന്റെ ലക്ഷ്യം.2023 ലെ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം ന്യൂ ഡൽഹിയിലെ സ്കോപ്പ് കൺവെൻഷൻ സെന്ററിൽ നടക്കും. കേന്ദ്ര സഹമന്ത്രി റാവു ഇന്ദർജിത് സിംഗ് മുഖ്യ അതിഥിയാകും.ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ (എൻഎസ്സി) ചെയർമാൻ പ്രൊഫ് രാജീവ ലക്ഷ്മൺ കരികർ, പ്രൊഫ. ഡോ. ജി. പി. സാമന്ത തുടങ്ങിയവർ സംസാരിക്കും. കേന്ദ്ര മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.2023 ലെ പ്രമേയം 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ദേശീയ സൂചിക ചട്ടക്കൂടുമായി സംസ്ഥാന സൂചിക ചട്ടക്കൂടിന്റെ സംയോജനം' എന്നതാണ്.സാങ്കേതിക സെഷനിൽ, മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ വിഷയത്തെക്കുറിച്ചഹ്രസ്വ അവതരണം നടത്തും.

# ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം : ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

**കൊച്ചി:**പതിനേഴാമത് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനത്തിനോട് അനുബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.പൊതുവിജ്ഞാനം, ബേസിക് സ്റ്റാറ്റിക്സ് എന്നീ വിഷയങ്ങളിൽ സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, അധ്യാപകർ ഉൾപ്പെടെ ഇന്ത്യയിൽ താമസക്കുന്ന പൊതുജനങ്ങൾക്കും പങ്കെടുക്കാം. ജൂൺ 30 ന് ഉച്ചയ്ക്ക് ര് മുതൽ 2.45 വരെ ഗൂഗിൾ ഫോം വഴിയാണ് മത്സരം. വിശദവിവരങ്ങൾക്ക് ഫോൺ :9633359554, 8547696128

# കേരള സവാരി രജിസ്ട്രേഷൻ ക്യാമ്പ്

**കൊച്ചി:**സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ ടാക്സി സംരംഭമായ കേരള സവാരിയുടെ ഡ്രൈവർമാർക്ക് രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജൂൺ 30ന് ആലുവ മെട്രോ സ്റ്റേഷൻ ആട്ടോ സ്റ്റാൻഡിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ ക്യാമ്പ് നടക്കും. എല്ലാ ഓട്ടോ ടാക്സി ഡ്രൈവർമാരും ലൈസൻസ്, ആർ.സി ബുക്ക് എന്നിവയുമായി എത്തി രജിസ്റ്റർ ചെയ്യേതാണ്. ഫോൺ : 9072272208, 9188519857

# വ്യവസായികൾക്ക് സർക്കാർ പാക്കേജ് കശുവണ്ടി മേഖലയെ സംരക്ഷിക്കാൻ : മന്ത്രി പി രാജീവ്



**കൊല്ലം:** തൊഴിലാളികലുടെ ക്ഷേമത്തിന് പ്രാധാന്യം നൽകി കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് സ്വകാര്യ വ്യവസായികൾക്ക് 40 കോടി രൂപയുടെ പാക്കേജ് സർക്കാർ നടപ്പാക്കിയതെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. സർക്കാർ ധനസഹായത്തോടെ സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം പെരുമ്പുഴ ഖദീജ കാഷ്യു ഫാക്ടറിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. പ്രവർത്തന മൂലധനത്തിനായി എടുത്ത വായ്പയ്ക്ക് പലിശ ഇനത്തിൽ പത്ത് ലക്ഷം രൂപവരെ സർക്കാർ വഹിക്കുന്ന രീതിയിലാണ് പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി മൂന്ന് കോടി രൂപ ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു കൂടാതെ ഏഴ് കോടി രൂപ ബജറ്റിൽ മാറ്റിവയ്ച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.കശുവണ്ടി ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാന്റ് നടപ്പാക്കുന്നത് പരിഗണനയിലാണ്. ബ്രാന്റിങ്ങിന്റെ ഭാഗമായി പ്രോട്ടോകോൾ തയ്യാറാക്കും. സ്ത്രീ സൗഹൃദ തൊഴിലിടം ഒരുക്കുന്നതിന് സ്വകാര്യ കശുവണ്ടി വ്യവസായികൾക്ക് അഞ്ച് കോടി രൂപ നൽകും. സ്ത്രീകൾക്ക് അഭിമാനത്തോടെ ജോലിചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതിൽ വീഴ്ച വരുത്തരുത്. ജോലിഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഷെല്ലിങ്ങിലെ യന്ത്രവത്കരണത്തിന് അഞ്ച് കോടി രൂപ നൽകും. വിറ്റുവരവ് വർധിപ്പിക്കുന്നതിന് ആവശ്യമെങ്കിൽ ഒരു കമ്പനിക്ക് 40 ലക്ഷം രൂപവരെ സർക്കാർ നൽകുമെന്നും മന്ത്രി പറഞ്ഞു. കശുവണ്ടി വ്യവസായി സംഘടനയുടെ ജനറൽ സെക്രട്ടറി വിക്രമൻ അധ്യക്ഷത വഹിച്ചു. മുൻമന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ, കാഷ്യൂ കോർപ്പറേഷൻ ചെയർമാൻ എസ് ജയമോഹൻ, കാപ്പെക്സ് ചെയർമാൻ എം ശിവശങ്കരപിള്ള തുടങ്ങിയവർ സംസാരിച്ചു.

# മഴക്കാല പ്രത്യേക പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും സ്‌പെഷ്യൽ സ്‌ക്വാഡുകൾ: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന കാമ്പയിന്റെ ഭാഗമായി മഴക്കാലത്ത് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്‌പെഷ്യൽ സ്‌ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ട്രോളിംഗ് നിരോധനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായും പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. മത്സ്യ ഹാർബറുകൾ, ലേല കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ചെക്ക്‌പോസ്റ്റുകൾ, വാഹനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. റെയിൽവേയുമായി സഹകരിച്ചും പരിശോധനക്കുന്നു. കൂടുതൽ ശക്തമായ പരിശോധന തുടരുന്നതാണ്. ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പ് വിജയകരമായി പ്രവർത്തിച്ചു വരുന്നു. 10,500 പേരാണ് മൂന്നാഴ്ച കൊണ്ട് ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിച്ചത്. ആപ്പിലൂടെ തൊട്ടടുത്തുള്ള ഗുണനിലവാരം സൂക്ഷിക്കുന്ന ഹോട്ടലുകളുടെ വിവരവും അവയുടെ ലൊക്കേഷനും അറിയാൻ കഴിയുന്നതാണ്. 1700 ഹോട്ടലുകൾ വിവിധ ജില്ലകളിലായി ഹൈജീൻ റേറ്റിംഗ് പൂർത്തിയാക്കി ആപ്പിൽ ഇടം നേടി വരുന്നു. ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ചുള്ള വിവരങ്ങളും ആപ്പിൽ ലഭ്യമാണ്. കൂടാതെ പരാതി പരിഹാര സംവിധാനമായ ഗ്രിവൻസ് പോർട്ടൽ ആപ്പിൽ ലിങ്ക് ചെയ്തിരിക്കുന്നു. അതിനാൽ ആപ്പിലൂടെ പരാതികൾ അറിയിക്കുന്നതിനും കഴിയുന്നു.കഴിഞ്ഞ മാർച്ചിൽ ഉദ്ഘാടനം ചെയ്ത പരാതി പരിഹാര സംവിധാനമായ ഭക്ഷ്യസുരക്ഷാ ഗ്രിവൻസ് പോർട്ടലിലൂടെ മൂന്ന് മാസംകൊണ്ട് 416 പരാതികൾ ഭക്ഷ്യസുരക്ഷാ വകുപ്പിൽ ലഭിക്കുകയും അതിൽ 284 എണ്ണം പരിഹരിക്കുകയും ചെയ്തു. 132 പരാതികളുടെ അന്വേഷണം പുരോഗമിക്കുന്നു.

# സർക്കാർ ലക്ഷ്യം ക്ഷേത്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ പരമാവധി മെച്ചപ്പെടുത്തൽ : ദേവസ്വം മന്ത്രി

തിരുവനന്തപുരം: ക്ഷേത്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ പരമാവധി മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ. തെക്കൻ കേരളത്തിലെ പ്രധാന ബലിതർപ്പണ കേന്ദ്രമായ തിരുവല്ലം പരശുരാമ ക്ഷേത്രത്തിന്റെ വികസനത്തിന് ഏറ്റെടുത്ത ഭൂമി കൈമാറിയ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ക്ഷേത്രത്തോട് ചേർന്ന് പടിഞ്ഞാറ് വശത്ത് 1.65 ഏക്കർ ഭൂമിയാണ് 5.39 കോടി മുടക്കി ഏറ്റെടുത്തത്. ജില്ലാ കളക്ടർ ജെറോമിക് ജോർജിൽ നിന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ ഭൂരേഖ ഏറ്റുവാങ്ങി. എല്ലാ വിശ്വാസികളുടെയും താൽപര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് ക്ഷേത്രങ്ങളുടെ വികസനം സർക്കാർ ഉറപ്പാക്കുകയാണെന്നും മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്കും ശബരിമല തീർത്ഥാടകർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഇടത്താവളങ്ങളുടെ നിർമാണം പുരോഗമിക്കുകയാണ്. ആരാധനയ്ക്കൊപ്പം ആതുര സേവന സൗകര്യങ്ങളും ഏർപ്പെടുത്തി ദേവസ്വങ്ങളെല്ലാം പൊതു സമൂഹത്തിന് കരുതലാവുകയാണ്. കാടാമ്പുഴ ക്ഷേത്രത്തിന്റെ ഭാഗമായി ഡയാലിസിസ് സെന്റർ ആരംഭിച്ചു. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് ആരംഭിച്ച ദേവാങ്കണം ഹരിതചാരുതം പദ്ധതി ക്ഷേത്രങ്ങളെല്ലാം ഏറ്റെടുത്തുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.ക്ഷേത്രാങ്കണത്തിലെ രാജലക്ഷ്മി മണ്ഡപത്തിൽ നടന്ന ചടങ്ങിൽ പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷനായി. സ്ഥല സൗകര്യ കുറവുകൾ മൂലം വർഷങ്ങളായി ഭക്തർ അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകൾക്കാണ് പരിഹാരമാകുന്നത്. ബലിക്കടവ് നവീകരണത്തിനു പുറമേ പാർക്കിങ്ങ് സൗകര്യം, ശുചിമുറികൾ, വിശ്രമമുറികൾ, ക്ലോക്ക് റൂം, ലോക്കർ തുടങ്ങിയ സൗകര്യങ്ങളും ഇവിടെ നിർമിക്കും. തിരുവല്ലം വില്ലേജിൽ 6 ഭൂവുടമകളിൽ നിന്നാണ് ഭൂമി ഏറ്റെടുത്തത്. വാർഡ് കൗൺസിലർ വി. സത്യവതി, ദേവസ്വം ബോർഡ് അംഗങ്ങൾ, ദേവസ്വം കമ്മിഷണർ, സ്‌പെഷ്യൽ സെക്രട്ടറി എം.ജി രാജമാണിക്യം, ജില്ലാ കളക്ടർ ജെറോമിക് ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

## കെൽട്രോൺ ജേണലിസം പഠനത്തിന് അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** കെൽട്രോൺ നടത്തുന്ന ഒരുവർഷത്തെ മാധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമയുടെ 2023–24ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിന്റ് മീഡിയ ജേണലിസം, ടെലിവിഷൻജേണലിസം,സോഷ്യൽ മീഡിയ ജേണലിസം, മൊബൈൽ ജേണലിസം, ഡാറ്റാജേണലിസം, ആങ്കറിങ് എന്നിവയിലാണ് പരിശീലനം ലഭിക്കുക. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കോ, അവസാനവർഷ ബിരുദഫലം കാത്തിരിക്കുന്നവർക്കോഅപേക്ഷിക്കാം. അപേക്ഷകൾ ജൂലൈ 10നകം തിരുവനന്തപുരം കെൽട്രോൺനോളജ് കേന്ദ്രത്തിൽ ലഭിക്കണം. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കുംഫോൺ: 954495 8182. വിലാസം: കെൽട്രോൺ നോളേജ് സെന്റർ, ചെമ്പിക്കളം ബിൽഡിങ്,ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

## വനിത കമ്മീഷൻ സിറ്റിങ് ജൂലൈ 12ന്

**ആലപ്പുഴ:** വനിതാ കമ്മിഷൻ ജില്ലയിൽ അടുത്ത സിറ്റിങ് ജൂലൈ 12 ന് രാവിലെ 10 മുതൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുമെന്ന് കമ്മീഷൻ അറിയിച്ചു.

## പരിശീലന പരിപാടി; തീയതിയിൽ മാറ്റം

**ആലപ്പുഴ :** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ വച്ച് ജൂൺ 29, 30 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരുന്ന ആട് വളർത്തൽ പരിശീലന പരിപാടി ജൂലൈ 10, 11 തീയതികളിലേക്ക് മാറ്റിവെച്ചു. കൂടുതൽ വിവരങ്ങൾക്ക് : 0479 2452277.

## സ്‌പോട്ട് അഡ്മിഷൻ

**ആലപ്പുഴ :** പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി) ന്റെ കീഴിൽ കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റി.കെ) നടത്തുന്ന ബി.എസ് സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് കോഴ്സിലെ 2023 26 ബാച്ചിലേക്ക് (എംജി യൂണിവേഴ്സിറ്റി അഫിലിയേഷൻ) മാനേജ്മെന്റ് ക്വോട്ടയിൽ ഒഴിവുള്ള സീറ്റിലേക്ക് ജൂലൈ മൂന്നിന് 10മണിക്ക് സ്‌പോട്ട് അഡ്മിഷൻ വഴി പ്രവേശനം നടത്തുന്നു. ഫോൺ: 0468 2240047, 9846585609.

## വാസ്തുവിദ്യാ ഗുരുകുലം കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

**ആലപ്പുഴ :** സംസ്ഥാന സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുള കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന്റെ അക്കാദമിക് വിഭാഗം നടത്തിവരുന്ന കോഴ്സുകളായ ദ്വിവത്സര ചുമർചിത്ര ഡിപ്ലോമ കോഴ്സ്, പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ ഡിപ്ലോമ കറസ്പോൺസ് കോഴ്സ് എന്നിവയുടെ പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. അപേക്ഷകൾ ജൂലൈ 10 വരെ സ്വീകരിക്കും. വെബ്സൈറ്റ് : www.vasthuvidyagurukulam.com വിലാസം : എക്സിക്യുട്ടീവ് ഡയറക്ടർ വാസ്തുവിദ്യാ ഗുരുകുലം ആറന്മുള, പത്തനംതിട്ട. ഫോൺ : 0468 2319740, 9847053294, 9847053293, 9947739442

## സോണോളജിസ്റ്റ് വാക്ക് ഇൻ ഇന്റർവ്യൂ ജൂലൈ 3 ന്

**ആലപ്പുഴ:** കായംകുളം താലൂക്ക് ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനർ മുഖേന പരിശോധന നടത്തുന്നതിന് സോണോളജിസ്റ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. താല്പര്യമുള്ളവർ ജൂലൈ 3 രാവിലെ 11 മണിക്ക് മുമ്പായി ഹാജരാകണം. യോഗ്യത എം.ഡി റേഡിയോ ഡയഗ്നോസിസ്/ ഡിപ്ലോമ ഇൻ റേഡിയോ ഡയഗ്നോസിസ് / ഡിഎൻബി ഇൻ റേഡിയോ ഡയഗ്നോസിസ്. ഒരു വർഷത്തെ പ്രവർത്തി പരിചയം നിർബന്ധം. ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ കൂടിക്കാഴ്ച്ച വേളയിൽ ഹാജരാക്കണം. വിവരങ്ങൾക്ക് ഫോൺ 0479 2447274

# ബിസിനസ് റെഡി ഫോർ നെക്സ്റ്റ് 2.0 അവതരിപ്പിച്ച് 'വി '

**കൊച്ചി:** ചെറുകിട സംരംഭങ്ങൾക്ക് ഡിജിറ്റൽ രംഗത്ത് മികച്ച പ്രകടനം കാഴ്ച വെക്കാനും അവിടെയുള്ള അപര്യാപ്തതകൾ മനസിലാക്കി നടപടികൾ സ്വീകരിക്കാനും സ്ഥാപനത്തെ ഭാവിയിലേക്ക് തയ്യാറാക്കാനും സഹായിക്കുന്ന റെഡി ഫോർ നെക്സ്റ്റ് 2.0 ഡിജിറ്റൽ വിലയിരുത്തൽ സംവിധാനത്തിന് വി തുടക്കം കുറിച്ചു. ഡിജിറ്റൽ ഉപഭോക്താവ്, ഡിജിറ്റൽ ജോലി സ്ഥലം, ഡിജിറ്റൽ ബിസിനസ് തുടങ്ങിയ മൂന്നു വിഭാഗങ്ങളിലെ തങ്ങളുടെ സംവിധാനങ്ങൾ വിലയിരുത്താൻ ഇത് ബിസിനസ് ഉടമകളെ സഹായിക്കുമെന്ന് വോഡഫോൺ ഐഡിയ ചീഫ് എൻറർപ്രൈസ് ബിസിനസ് ഓഫീസർ അരവിന്ദ് നെവാറ്റിയ പറഞ്ഞു.അതാതു വ്യവസായങ്ങൾക്ക് അനുസൃതമായ നിലവാരങ്ങളും തങ്ങളുടെ ഡിജിറ്റൽ കഴിവുകളുടെ അടിസ്ഥാനത്തിലുള്ള സ്കോറുകളും ഈ സംവിധാനത്തിലൂടെ ഓരോരുത്തർക്കും പ്രത്യേകമായി നൽകും. സാങ്കേതികവിദ്യാ അടിസ്ഥാനമായുള്ള പരിഹാരങ്ങളും ശുപാർശ ചെയ്യും. ഇതിൻറെ കൂടുതൽ ഫലപ്രദമായ പതിപ്പാണ് റെഡി ഫോർ നെക്സ്റ്റ് 2.0 ടൂൾ. ചെറുകിട സംരംഭങ്ങൾക്ക് https://www.myvi.in/business/enterprisesegments/smb/msmereadyfornext-digital-assessment വഴി ഈ സംവിധാനം പ്രയോജനപ്പെടുത്താം.ചെറുകിട സംരംഭങ്ങൾക്ക് ഉൽപാദന ക്ഷമതയും ഉപഭോക്താക്കളിലേക്കുള്ള എത്തിച്ചേരലും സുരക്ഷയും വർധിപ്പിക്കാൻ സഹായിക്കുന്ന വിധത്തിൽ 16 വ്യവസായങ്ങളിലായി ഒരു ലക്ഷത്തിലേറെ പേരിൽ നിന്നു പ്രതികരണം തേടിയ ശേഷമുള്ള വിലയിരുത്തലും വി പുറത്തിറക്കിയിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ പ്രത്യേകമായുള്ള പദ്ധതികളും വി അവതരിപ്പിച്ചിട്ടുണ്ട്.വി ബിസിനസ് പ്ലസ് പോസ്റ്റ്പെയ്ഡ് പ്ലാൻ, വി മാക്സ് ഡിവൈസ് സെക്യൂരിറ്റി, വി ഇമെയിൽ സെക്യൂരിറ്റി, വി ആഡ്സ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പ്രതിമാസം 349 രൂപ വാടക വരുന്ന വി ബിസിനസ് പ്ലസ് പോസ്റ്റ്പെയ്ഡ് പ്ലാനിൽ പരിധിയില്ലാത്ത കോളുകൾ, 60ജിബി ഡാറ്റ, 3000 എസ്എംഎസ് എന്നിവ ലഭിക്കും. പ്രതിമാസം 5200 രൂപ വില വരുന്ന ബണ്ടിൽഡ് സർവീസുകളും ഇതിനു പുറമെ ലഭിക്കും. സോണിലിവ്, സീ5, മൊബൈൽ സെക്യൂരിറ്റി, ലൊക്കേഷൻ ട്രാക്കിങ്, ഗൂഗിൾ വർക്ക്സ്പെയ്സ്, അന്താരാഷ്ട്ര കോളിങിനുള്ള പ്രത്യേക നിരക്കുകൾ തുടങ്ങിയവ ബണ്ടിൽഡ് സർവീസുകളിൽ ഉൾപ്പെടുന്നു.വി മാക്സിമം ഡിവൈസ് സെക്യൂരിറ്റി വഴി പ്രതിവർഷം 4320 രൂപയുടെ നേട്ടം കൈവരിക്കാം. ഇതു പ്രകാരം ലൈസൻസിന് പ്രതിവർഷം 433 രൂപയും 20 ലൈസൻസുകൾക്ക് 8,660 രൂപയുമാണ്. വി ഇമെയിൽ സെക്യൂരിറ്റി പ്രകാരം ലൈസൻസ് ഒന്നിന് പ്രതിവർഷം 550 രൂപയും 20 ലൈസൻസുകൾക്ക് 11,000 രൂപയുമാണുള്ളത്. പ്രതിവർഷം 10,000 രൂപയുടെ നേട്ടമുണ്ടാക്കാം. 24,999 രൂപ മുതൽ 99,999 രൂപ വരെയുള്ള ടാർഗറ്റഡ് കസ്റ്റമർ റീച്ച് ഡിജിറ്റൽ & എസ്എംഎസ് പാക്കേജുകളാണ് വി ആഡ്സ് വഴി ലഭിക്കുക. 44,000 രൂപ വരെ ഇതിൽ ലാഭിക്കാം. ഇവയ്ക്കു പുറമെ ബിസിനസിനെ ഭാവിയിലേക്കു തയ്യാറാക്കാൻ സഹായകമായ ഉപദേശങ്ങളും എംഎസ്എംഇകൾക്ക് പ്രയോജനപ്പെടുത്താം.റെഡി ഫോർ നെക്സ്റ്റ് എംഎസ്എംഇകൾക്ക് ദീർഘകാല പരിഹാരങ്ങൾ നൽകുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണ്. ശരിയായ ദിശ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയാൻ അവരെ സഹായിക്കുകയും അവരെ നാളേക്ക് വേണ്ടി തയ്യാറാക്കുകയും ചെയ്യുന്നു. ഡിജിറ്റൽ യുഗത്തിൽ എംഎസ്എംഇകളുടെ ഉൽപ്പാദനക്ഷമത, കസ്റ്റമർ റീച്ച്, സുരക്ഷ എന്നിവ വർധിപ്പിക്കുന്നതിന് അനുയോജ്യമായതാണും അരവിന്ദ് നെവാറ്റിയ പറഞ്ഞു.

ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ

# ജസ്റ്റിൻപാലത്ര സംസ്ഥാന പ്രസിഡന്റ്; രാജൻ ജെ. തോപ്പിൽ ജനറൽ സെക്രട്ടറി


ജസ്റ്റിൻ പാലത്ര


രാജൻ ജെ. തോപ്പിൽ


എസ്.രാധാകൃഷ്ണൻ

**കൊച്ചി:** ഓൾ കേരള ഗോൾഡ് & സിൽവർ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റായി ജസ്റ്റിൻ പാലത്രയെയും ജനറൽ സെക്രട്ടറിയായി രാജൻ ജെ. തോപ്പിൽ ന യെും തിരഞ്ഞെടുത്തു.എറണാകുളം പി.റ്റി. ചെറിയാൻ സ്വർണ്ണഭവനിൽ കൂടിയ സംസ്ഥാന കൗൺസിൽ യോഗത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടന്നത്.എസ്. രാധാകൃഷ്ണൻ സംസ്ഥാന ട്രഷറർ, കെ.എം. ജലീൽ ആക്ടിംഗ് പ്രസിഡന്റ്, പി.വി. തോമസ്, സക്കീർ ഇക്ബാൽ, അബ്ദുൾ കരിം ഹാജി, എം. നാദിർഷ എന്നിവർ വർക്കിംഗ് പ്രസിഡന്റുമാർ, വി.മൊയ്തു വർക്കിംഗ് ജനറൽ സെക്രട്ടറി, അശോകൻ കോടോത്ത്, എബി പാലത്ര, ജോയി പഴേമഠം വർക്കിംഗ് സെക്രട്ടറിമാർ, ഐ.ഈസ്മയിൽകുട്ടി ഹാജി രക്ഷാധികാരി, പി.എം. തോമസ്, ജോസ് വർക്കി കാക്കനാട്ട്, എ. മോഹൻ, ബാബു ആലപ്പാട്ട്, രാജൻ അനശ്വര, സാജൻ ജോർജ്, റെനി വർക്കി, അഡ്വ. കെ.എ. ദിൽഷാദ്, അടയാട്ടിൽ ബഷീർ, പി.പി. രാജഗോപാലൻ എന്നിവർ വൈസ് പ്രസിഡന്റുമാരും, നിക്സൺ മാവേലി, പി.കെ. ഭാസ്കരൻ, വിജയൻ പാറശ്ശാല, മാത്യു മത്തായി, നെൽജോ നീലങ്കാവിൽ, പി.പി. ഹരിദാസ്, റ്റി.മിധുലാജ്, ജോർജ് തയ്യംകേരി, ബഷീർ കാസ്റ്റിൽ എന്നിവർ സെക്രട്ടറിമാരുമാണ്. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അബ്ദുൾ കരിം ഹാജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദ്വൈവാർഷിക റിപ്പോർട്ട് സംസ്ഥാന ജനറൽ സെക്രട്ടറി സക്കീർ ഇക്ബാലും, ദ്വൈവാർഷിക കണക്ക് ട്രഷറർ പി.വി. തോമസും അവതരിപ്പിച്ചു പാസ്സാക്കി. ജി.എസ്.ടി., എച്ച്.യു.ഐ.ഡി., പോലീസ് റിക്കവറിയുടെ പേരിലുള്ള സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങളിലെ അനാവശ്യ പരിശോധനകൾ അവസാനിപ്പിക്കണമെന്ന് യോഗം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. യോഗത്തിൽ ജസ്റ്റിൻ പാലത്ര, രാജൻ ജെ.തോപ്പിൽ, എസ്. രാധാകൃഷ്ണൻ, കെ.എം. ജലീൽ, അബ്ദുൾ കരീം ഹാജി, എം. നാദിർഷ, വി. മൊയ്തു, പി.എം. തോമസ്, അശോകൻ കോടോത്ത്, എബി പാലത്ര, ജോയി പഴേമഠം എന്നിവർ പ്രസംഗിച്ചു.

# പാർലിമെന്റ് സമിതി സിഎംഎഫ്ആർഐ സന്ദർശിച്ചു



**കൊച്ചി:** കൃഷിമൃഗസംരക്ഷണഭക്ഷ്യ സംസ്കരണ പാർലിമെന്റ് സ്ഥിരം സമിതി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. കർണാടകയിലെ ബാഗൽകോട്ടിൽ നിന്നുള്ള ലോക്സഭാംഗം പി സി ഗഡ്ഡിഗൗഡർ അധ്യക്ഷനായ സമിതി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി. ആറ് എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണപ്രവർത്തനങ്ങൾ സമിതിക്ക് മുമ്പിൽ അവതരിപ്പിച്ചു. സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കൂടുമത്സ്യകൃഷി, കടൽപായൽ കൃഷി, സമുദ്രജൈവവൈവിധ്യം, ന്യൂട്രാസ്യൂട്ടിക്കൽ ഉൽപാദനം, സാമൂഹികസാമ്പത്തിക സ്ഥിതി തുടങ്ങിയവ സമിതി വിലയിരുത്തി. അധ്യക്ഷന് പുറമെ, ഡോ അനിൽ സുഖ്ദിയോറാവു ബോണ്ടെ, മസ്താൻ റാവു ബീഡ, രാംനാഥ് താക്കൂർ, ദേവേന്ദ്രസിങ്, റാമിലാബെൻ ബെച്ചാർഭായി ബാര എന്നീ എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.കൂടാതെ, സെക്രട്ടറി ഉത്തംചന്ദ് ഭരദ്വാജ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സംഘത്തിനൊപ്പമുണ്ടായിരുന്നു. സിഎംഎഫ്ആർഐയുടെ ഗവേഷണപ്രവർത്തനങ്ങളിൽ സംഘം സംതൃപ്തി രേഖപ്പെടുത്തി. സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരതക്കും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും സിഎംഎഫ്ആർഐ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്ന് സമിതി വിലയിരുത്തി.

# എംജി മോട്ടോർസ് ഇന്ത്യയും റിലയൻസ് ജിയോയും കൈകോർക്കുന്നു

**കൊച്ചി:** എംജി കോമറ്റ് ഇവിയിൽ കണക്റ്റഡ് കാർ ഫീച്ചറുകൾ അവതരിപ്പിക്കാൻ ജിയോ പ്ലാറ്റ്ഫോമുമായി സഹകരിക്കുകയാണ് എംജി മോട്ടോർ ഇന്ത്യ.ഇന്ത്യൻ ഭാഷകളിൽ വോയിസ് അസിസ്റ്റന്റ് സംവിധാനം കൊണ്ടുവരാൻ ഇതുവഴി സാധിക്കും.ഹലോ ജിയോ വോയ്സ് അസിസ്റ്റന്റ് എന്ന പേരിൽ അവതരിപ്പിക്കപ്പെട്ട ഈ സാങ്കേതിക വിദ്യയ്ക്ക് ഒട്ടേറെ സവിശേഷതകളുണ്ട്. ഈ വോയ്സ് അസിസ്റ്റന്റ് സാങ്കേതികവിദ്യ ഇന്ത്യൻ ഭാഷകൾ മനസിലാക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രാദേശിക ഭാഷകളിലുള്ള വോയ്സ് കമാൻഡുകളും കൺട്രോളുകളും സിസ്റ്റം മനസിലാക്കുന്ന തരത്തിലാണ് ഡിസൈൻ.ഇതുകൂടാതെ ക്രിക്കറ്റ്, കാലാവസ്ഥ, ജ്യോതിഷം, വാർത്തകൾ എന്ന് തുടങ്ങി നിരവധി വിവരങ്ങൾ വോയ്സ് കമാൻഡിലൂടെ ലഭിക്കും. കാറിന്റെ എസി ഓണാക്കാനും ഓഫാക്കാനും മ്യൂസിക് പ്ലേ ചെയ്യാനും കമാൻഡുകൾ നൽകാം. ക്രിക്കറ്റ് ആരാധകൻ ആണെങ്കിൽ യാത്രക്കിടെ ക്രിക്കറ്റ് സ്കോറും അറിയാം.എംജി ഇന്ത്യയും ജിയോയും തമ്മിലുള്ള ഈ പങ്കാളിത്തം എംജി കോമറ്റ് ഇവിയുടെ ഡ്രൈവിംഗ് അനുഭവം വർധിപ്പിക്കാൻ സഹായിക്കുമെന്ന് എംജി മോട്ടോർ ഇന്ത്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഗൗരവ് ഗുപ്ത പറഞ്ഞു. അതേ സമയം സുരക്ഷയും ഇൻ കാർ എക്സ്പീരിയൻ മെച്ചപ്പെടുത്താനും ഈ സാങ്കേതികവിദ്യ സഹായിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഹലോ ജിയോ വോയ്സ് അസിസ്റ്റന്റ്, സ്ട്രീമിംഗ്, പേയ്മെന്റ് ആപ്പുകൾ, ഇ സിം, ജിയോ ഐടെി എന്നിറിയൽ ടൈം കണക്റ്റിവിറ്റിക്ക് പ്രാപ്തമാണ്. ഇത് എംജി ഉടമകൾക്ക് ഇൻഫോടെയ്ൻമെന്റ് കണക്റ്റഡ് കാർ എക്സ്പീരിയൻസ് എ ത്തിച്ചു നൽകാൻ സഹായിക്കുമെന്ന് ജിയോ പ്ലാറ്റ്ഫോംസ് പ്രസിഡന്റ് ആശിഷ് ലോധ പറഞ്ഞു.

# ഐആർഡിഎയുടെ ഇൻഷുറൻസ് ബോധവൽക്കരണ ക്യാംപയിന് കേരളത്തിൽ തുടക്കം




**കൊച്ചി:** '2047ഓടെ എല്ലാവർക്കും ഇൻഷുറൻസ്' എന്ന ലക്ഷ്യവുമായി ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎ) രാജ്യത്തുടനീളം നടത്തി വരുന്ന ഇൻഷുറൻസ് ബോധവൽക്കരണ ക്യാംപയിന് കേരളത്തിൽ തുടക്കമായി. മുൻനിര ജനറൽ ഇൻഷുറൻസ് കമ്പനിയായ മാഗ്മ എച്ഡിഐയെ ആണ് സംസ്ഥാനത്ത് ഇൻഷുറൻസ് ബോധവൽക്കരണ പരിപാടികൾക്കായി ഐആർഡിഎ ചുമതലപ്പെടുത്തിയിരിക്കുന്നത്. ദേശീയ ഇൻഷുറൻസ് ബോധവൽക്കരണ ദിനമായ ബുധനാഴ്ച (ജൂൺ 28) കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ 'ഇൻഷുറൻസ് എടുത്തോ' പ്രചാരണത്തിന് മാഗ്മ എച്ഡിഐ തുടക്കം കുറിച്ചു. പൊതുജനങ്ങൾക്കിടയിൽ ഇൻഷുറൻസിനോടുള്ള വിമുഖത ഇല്ലാതാക്കുന്നതിനാണ് ബോധവൽക്കരണമെന്നും കേരളത്തിലെ ആരോഗ്യ ഇൻഷൂറൻസ് സാന്ദ്രത ദേശീയ ശരാശരിയേക്കാൾ കുറവാണെന്നും പ്രചാരണ പരിപാടിയുടെ പ്രഖ്യാപന ചടങ്ങിൽ  മാഗ്മ എച്ച്ഡിഐ ചീഫ് ടെക്നിക്കൽ ഓഫിസർ അമിത് ഭണ്ഡാരി പറഞ്ഞു. ജനസംഖ്യയിലെ പ്രായമായവരുടെ എണ്ണം വർധിക്കുന്നതും പുതുതലമുറാ രോഗങ്ങളുടെ വർധനവും പോലുള്ള മറ്റു ഘടകങ്ങളും കൂടി പരിഗണിക്കുമ്പോൾ ആരോഗ്യ സംരക്ഷണ ചെലവുകളും സാമ്പത്തിക സുരക്ഷയും തമ്മിലുള്ള വലിയ അന്തരമാണു വ്യക്തമാകുന്നത്. ഇൻഷുറൻസ് പരിരക്ഷയിലൂടെ ഈ വൻ ചെലവുകൾ കുറയ്ക്കാമെന്നും ഇതിന്റെ പ്രാധാന്യത്തെ കുറിച്ചും കേരളത്തിലെ ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ഇൻഷൂറൻസ് എടുത്തോ' ക്യാംപയിനിലൂടെ മാഗ്മ എച്ച്ഡിഐ ലക്ഷ്യമിടുന്നതെന്നും ആദ്ദേഹം പറഞ്ഞു.ക്യാംപയിന്റെ ഭാഗമായി ചുവർ, ഡിജിറ്റൽ പരസ്യങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ, എസ്എംഎസ്, ഇമെയിൽ, ലഘുലേഖകൾ, പുസ്തകങ്ങൾ, ഇബുക്കുകൾ തുടങ്ങി വൈവിധ്യ മാധ്യമങ്ങളിലൂടെ ഇൻഷുറൻസ് ബോധവൽക്കരണ പ്രചാരണം കേരളത്തിലുടനീളം മാഗ്മ എച്ഡിഐ സജീവമാക്കും. ഠഠ.ശിറൈ്യമിരലറൗവേീ.രീ എന്ന മൈക്രോസൈറ്റും ഈ പരിപാടിയോട് അനുബന്ധിച്ച് അവതരിപ്പിച്ചു.  ജനറൽ ഇൻഷൂറൻസുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഈ സൈറ്റിൽ ഉൾപ്പെടത്തിയിട്ടുണ്ട്. ഇൻഷൂറൻസ് ബോധവൽക്കരണത്തിനു പുറമെ കേരളത്തിലെ ഇൻഷൂറൻസ് ഇല്ലാത്തവർക്ക് സേവനം ലഭ്യമാക്കാനും അവസാന ഘട്ട സേവനങ്ങൾ നൽകാനും ശ്രമങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.എറണാകുളം അസിസ്റ്റന്റ് കളക്ടർ ഹർഷിൽ ആർ മീണ ചടങ്ങിൽ മുഖ്യാതിഥിയായി. മുത്തൂറ്റ് സെക്യൂരിറ്റീസ് സിഇഒ രാഗേഷ് ജി ആർ ചടങ്ങിൽ പങ്കെടുത്തു. രാജ്യത്തിന്റെ വളർച്ചയോടൊപ്പം വ്യക്തികൾക്കും വളരാൻ വ്യക്തിഗത സുരക്ഷിതത്വവും പരിരക്ഷയും പ്രധാന ഘടകമാണെന്ന്  മാഗ്മ എച്ച്ഡിഐ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജീവ് കുമാരസ്വാമി പറഞ്ഞു.ഇവിടെയാണ് ഇൻഷുറൻസ് പരിരക്ഷയുടെ പ്രാധാന്യം തിരിച്ചറിയേണ്ടത്. അനിശ്ചിതത്വങ്ങൾക്കിടയിൽ ഇൻഷുറൻസ് നൽകുന്നത് മികച്ച പരിരക്ഷയാണ്. 2047ഓടെ എല്ലാ ഇന്ത്യക്കാർക്കും ഇൻഷുറൻസ് എന്ന ഐആർഡിഎയുടെ ലക്ഷ്യത്തെ അഭിമാന സ്വപ്നമായാണ് മാഗ്മ എച്ഡിഐ കാണുന്നത്. കേരളത്തിൽ ഈ ഇൻഷുറൻസ് ബോധവൽക്കരണ ക്യാംപയിന് നേതൃപരമായ പങ്കുവഹിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും രാജീവ് കുമാരസ്വാമി പറഞ്ഞു.

# നടൻ പൃഥ്വിരാജ് ആശുപത്രി വിട്ടു



**കൊച്ചി:**സിനിമാ ഷൂട്ടിങ്ങിനിടെ പരിക്കേറ്റ് കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ചലച്ചിത്രതാരം പൃഥ്വിരാജ് ബുധനാഴ്ച ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആയി.വലതുകാൽമുട്ടിന് ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ വിപിഎസ് ലേക്ഷോർ ഡയറക്ടർ ഓഫ് ഓർത്തോപീഡിക്സ് ആൻഡ് ഹെഡ് ഓഫ് ജോയിന്റ് പ്രിസർവേഷൻ ഡോ. ജേക്കബ് വർഗീസിന്റെ നേതൃത്വത്തിലാണ് സർജറിക്ക് വിധേയമാക്കിയത്.കാർട്ടിലേജ്, ക്രൂഷിയേറ്റ് ലിഗമെന്റ്,  മെനിസ്കസ് റിപ്പയർ എന്നിവയ്ക്ക് ശേഷം പൃഥ്വിരാജ് ഫിസിയോതെറാപ്പിക്ക് വിധേയനായി. കുറഞ്ഞ മാസങ്ങൾക്കുള്ളിൽ അദ്ദേഹം പൂർണ ആരോഗ്യവാനാകുമെന്ന് ഡോ. ജേക്കബ് വർഗീസ് അറിയിച്ചു. ഫിസിയോതെറാപ്പിയാണ് അദ്ദേഹത്തിന് ഡോക്ടർ നിർദേശിച്ചിട്ടുള്ളത്.

# മഹീന്ദ്ര ആന്റ് മഹീന്ദ്രയുമായി കൈ കോർത്ത് സൗത്ത് ഇന്ത്യൻ ബാങ്ക്



**കൊച്ചി:** വാഹന ഡീലർമാർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന്  സൗത്ത് ഇന്ത്യൻ ബാങ്ക് മഹീന്ദ്ര ആന്റ് മഹീന്ദ്രയുമായി ധാരണയിലെത്തി (ഓട്ടോമൊബൈൽ വിഭാഗം). മഹീന്ദ്ര ഡീലർമാരുടെ ഫണ്ട് ലഭ്യത എളുപ്പമാക്കുന്നതിനാണ് കരാർ. സൗത്ത് ഇന്ത്യൻ ബാങ്കിനെ പ്രതിനിധീകരിച്ച് സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ്. എസും മഹീന്ദ്ര ആന്റ് മഹീന്ദ്രയെ പ്രതിനിധീകരിച്ച് വൈസ് പ്രസിഡന്റും എസ്പിഒസിയുമായ രാകേഷ് സെന്നും പരസ്പരം  ധാരണാപത്രം കൈമാറി. തങ്ങളുടെ ഉപഭോക്തൃ കേന്ദ്രീകൃത നയത്തിന് അനുസൃതമായാണ് ഈ കരാറെന്ന് സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ്. എസ്. പറഞ്ഞു. ഡീലർ ഫിനാൻസ് ബിസിനസ് വിപുലപ്പെടുത്താൻ ഈ സഖ്യം സഹായകമാകും. ബാങ്കിങ്, വാഹന വ്യവസായങ്ങളുടെ ഈ മികച്ച പങ്കാളിത്തം ഈ രംഗത്ത് പുതിയ മാതൃക സൃഷ്ടിക്കുമെന്ന് സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ്. എസ്. പറഞ്ഞു.തങ്ങളുടെ ഡീലർ ശൃംഖലയ്ക്ക് അനുയോജ്യമായ ഫിനാൻസിങ് പിന്തുണ നൽകാൻ സൗത്ത് ഇന്ത്യൻ ബാങ്കുമായുള്ള ഈ പങ്കാളിത്തം സഹായിക്കും. ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിൽ ഞങ്ങളെപ്പോലെ സമാനമായ പാരമ്പര്യമുള്ള എസ്ഐബിയുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ട്. ഞങ്ങളുടെ പ്രവർത്തനങ്ങളും സേവനങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എസ്ഐബിയുമായി ചേർന്ന് പ്രവർത്തിക്കുമെന്നും മഹീന്ദ്ര ആന്റ് മഹീന്ദ്ര വൈസ് പ്രസിഡന്റ് (സെയിൽസ്, ഓട്ടോമോട്ടീവ് ഡിവിഷൻ) ബനേശ്വർ  ബാനർജി പറഞ്ഞു.അമിത് ജയ്സ്വാൾ (ഡിജിഎം ചാനൽ ഫിനാൻസ് & ഡീലർ ബിസിനസ് ഡെവലപ്മെന്റ്, മഹീന്ദ്ര ആന്റ് മഹീന്ദ്ര), പ്രവീൺ ജോയ് ( ഡിജിഎം & ട്രാൻസാക്ഷൻ ബാങ്കിങ് ഗ്രൂപ്പ് ഹെഡ്, എസ്ഐബി), രമേശ് യു (ഡിജിഎം  & ഇസൈഡ് എസ് എച്ച്, കോർപ്പറേറ്റ് ബിസിനസ് ഗ്രൂപ്പ്) എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com